# മാർ ജോസഫ് പവ്വത്തിൽ സമാനതകളില്ലാത്ത വ്യക്തിത്വം

## - അന്തർദേശീയ സീറോ മലബാർ മാതൃവേദി

കാലം ചെയ്ത ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ സഭയിലും സമൂഹത്തിലും സമാനതകളില്ലാത്ത വ്യക്തിത്വമായിരുന്നുവെന്ന് അന്തർദേശീയ സീറോ മലബാർ ഭാരവാഹികളുടെ മീറ്റിങ്ങിൽ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അഭിപ്രായപ്പെടുകയും അനുശോചനം രേഖപ്പെടുത്തുകയും പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പിതാവ് സഭയിലും സമൂഹത്തിലും ചെയ്ത നന്മകൾ അന്തർദേശീയ മാതൃവേദി ഭാരവാഹികൾ പങ്കുവയ്ക്കുകയും അനുസ്മരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ആത്മീയ ചൈതന്യം കൊണ്ട് സഭയെയും സമൂഹത്തെയും പ്രകാശിപ്പിച്ച നല്ല ഇടയന് അന്തർദേശീയ മാതൃവേദി കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സീറോ മലബാർ സഭയുടെ അന്തർദേശീയ മാതൃവേദി ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ, ആനിമേറ്റർ സി. ജീസ സി.എം.സി., പ്രസിഡണ്ട് ശ്രീമതി ബീന ജോഷി, ജനറൽ സെക്രട്ടറി ശ്രീമതി ആൻസി മാത്യു, ട്രഷറർ ശ്രീമതി സൗമ്യ സേവ്യർ, വൈസ് പ്രസിഡണ്ടുമാരായ ശ്രീമതി ഗ്രേസി ജെയ്ക്കബ്, ശ്രീമതി ആൻസി മാത്യു, ജോ. സെക്രട്ടറിമാരായ ശ്രീമതി ഡിബിൾ ജോസ്, ശ്രീമതി ഷീജ ബാബു, തുടങ്ങിയ ഭാരവാഹികൾ സന്നിഹിതരായിരുന്നു.